Dr. A. R. Menon *(Minister for Rural Development)*: Yes.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: How?

Dr. A. R. Menon *(Minister for Rural Development)*: By the Inspector and the other officers of the Government.

Mr. A. B. Salem *(Mattancheri)*: Was this nomination made in the best interests of the Panchayat?

Dr. A. R. Menon *(Minister for Rural Development)*: That is my view. The House may form its own opinion.

മിസ്റ്റർ കെ. അയ്യപ്പൻ: സ്വയംഭരണമല്ലെ പഞ്ചായത്തിലെ ഏറ്റവും വലിയ interest?

ഡോക്ടർ എ. ആർ. മേനോൻ: സ്വയംഭരണത്തിൽ വന്നാൽ അതു ശരിയായി നടത്തികൊണ്ടുപോകേണ്ട ഒരു ചുമതലയുംകൂടിയുണ്ട്. ഒരു പഞ്ചായത്തു് കൃത്രിമമായി പലവിധത്തിൽ ഗവമ്മെണ്ടിനെയും ജനങ്ങളേയും ഉപദ്രവിക്കാനിടയുള്ളതായി തെളിവു് കിട്ടിയാൽ.....

മിസ്റ്റർ കെ. അയ്യപ്പൻ: ഗവമ്മെണ്ടിനു് എന്താണുപദ്രവം?

ഡോക്ടർ എ. ആർ. മേനോൻ: പഞ്ചായത്തിന്റെ ചരിത്രം ഞാൻ ഇവിടെ വായിച്ചില്ലെ ഒരു മുക്കാൽ മണിക്കൂർ നേരം.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: Did the Government take any action for this "കൃത്രിമം" against these Panchayatdars?

Mr. President: That question has been answered.

NALLEPPALLI—SCAVENGING SYSTEM

215. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറ് സദയം മറുപടി പറയുമോ —

(എ) ഏകദേശം തത്തമംഗലത്തോളം ജനസംഖ്യയുള്ള നല്ലേപ്പിള്ളിക്കു് സ്കാവഞ്ചിംഗ് സിസ്റ്റം അത്യാവശ്യമാണെന്നു കാണിച്ചു് ടി പഞ്ചായത്തിൽ നിന്നും റസല്യൂഷൻ പാസാക്കി അയച്ചിട്ടുണ്ടോ;

(ബി) നല്ലേപ്പിള്ളിയിൽ സ്കാവഞ്ചിംഗ് സിസ്റ്റം നടപ്പിൽ വരുത്താത്തതു് എന്തുകൊണ്ടാകുന്നു;

(സി) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ സംഖ്യ കൊള്ളിച്ചിട്ടില്ലെങ്കിലും മിച്ചമുള്ള തുകയിൽ നിന്നെങ്കിലും വേണ്ടുന്ന സംഖ്യ എടുത്തു് നല്ലേപ്പിള്ളിയിൽ സ്കാവഞ്ചിംഗ് സിസ്റ്റം നടപ്പിൽ വരുത്തുമോ?

ഡോക്ടർ എ. ആർ. മേനോൻ: (എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റാവഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനുമുമ്പുതന്നെ ഒരു ടെഞ്ചിംഗ് ഗ്രൗണ്ടിനു് ഉള്ള സ്ഥലം അക്വയർ ചെയ്യേണ്ടതു് ആവശ്യമാണു്. ആയതിനുതന്നെ കു. വ്യ. വേണ്ടിവരുമെന്നു് റിപ്പോർട്ട് കിട്ടീട്ടുണ്ടു്. അതിനു വേണ്ട സംഖ്യ ബഡ്ജറിൽ കൊള്ളിച്ചതിനുശേഷം മാത്രമേ ഈ വിഷയത്തെക്കുറിച്ചു് ആലോചിപ്പാൻ നിവൃത്തിയുള്ളു.

(സി) മേൽപറഞ്ഞ കാരണങ്ങളാൽ നിവൃത്തിയില്ല.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: ഇക്കൊല്ലത്തെ ബഡ്ജറിൽ കൊള്ളിച്ചിട്ടില്ലാത്ത സ്ഥിതിക്കു് അടുത്ത കൊല്ലത്തെ ബഡ്ജറിലെങ്കിലും ഇതിനു" വേണ്ടുന്ന സംഖ്യ പ്രൊവൈഡ് ചെയ്യുമോ?

ഡോക്ടർ എ. ആർ. മേനോൻ: അതിനു് കുറച്ചൊരു ബുദ്ധിമുട്ടുണ്ടു് സ്റ്റാവഞ്ചിംഗ് ഫീസു" പിരിക്കേണ്ടിവരും. അങ്ങിനെ പിരിക്കാതെ ഇതു നടത്തുവാൻ സാധിക്കയില്ല. ഫീസു് പിരിക്കുവാനും മറ്റുമായി കുറെ ആളുകളെ ജോലിക്കു വെക്കണമെങ്കിൽ അതിനു് ചിലവുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: ഗവൺമെണ്ടിന്റെ പോളിസി സാനിട്ടേഷൻ വേണമെന്നുള്ളതല്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ഗവൺമെണ്ടിനെക്കൊണ്ടു് അതു് ഏറ്റെടുത്തു നടത്തുവാനും ഒരു നില വരേണ്ടേ? അതിലേക്കു് ജനങ്ങളുടെ ഇടയിൽ പിരിവു് നടത്താതെ തരമില്ല. അവിടെയുള്ള ജനങ്ങളും സ്റ്റാവഞ്ചിംഗ് ഫീസു് കൊടുക്കുവാൻ തയ്യാറുണ്ടെങ്കിൽ ഗവൺമെണ്ടിനു അതു നടത്തുവാൻ വിരോധമില്ല.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: അടുത്ത കൊല്ലത്തിലെങ്കിലും, ജനങ്ങൾ തയ്യാറുണ്ടെങ്കിൽ നടത്തുവാൻ വിരോധമുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: നോക്കാം.

216. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) നല്ലേപ്പിള്ളി പഞ്ചായത്തിൽപ്പെട്ട പെരുങ്കൊളത്തിന്റെ ചുറ്റുഭാഗങ്ങളും കക്കൂസായി ജനങ്ങൾ ഉപയോഗിച്ചുവരുന്നതു് ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) അങ്ങിനെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടെങ്കിൽ അതു് ടി കുളത്തിൽ കുളിക്കുവാൻ ചെല്ലുന്ന സ്ത്രീകൾക്കു് വലുതായ ബുദ്ധിമുട്ടിനും സങ്കടത്തിനും ഇടയായി തീർന്നിട്ടുണ്ടെന്നു് ഗവൺമെണ്ടിന്നറിയാമോ;

(സി) ഇനിയെങ്കിലും ഉടനടി ടി കുളത്തിനു സമീപമായ ഒരു സ്ഥലത്തു സ്ത്രീകൾക്കും പുരുഷന്മാർക്കും വേറെ വേറെ രണ്ടു കക്കൂസുകൾ കെട്ടിച്ചു് ഗവൺമെണ്ടു് നാട്ടുകാരുടെ കഷ്ടപ്പാടു തീർക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: (എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) സാമ്പത്തിക സ്ഥിതി അനുസരിച്ചു കക്കൂസുകൾ കെട്ടിക്കുന്നതിനു വേണ്ട എല്ലാപ്പാടുകളും ചെയ്യുന്നതാണു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: പെരുങ്കൊളത്തിന്റെ ചുറ്റുപാടും ജനങ്ങൾക്കു് വഴിനടക്കുവാൻ നിവർത്തിയില്ലാത്ത വിധത്തിൽ കക്കൂസായിട്ടു് ഉപയോഗിച്ചുവരുന്നുണ്ടു്. അതുകൊണ്ടു് വളരെ ബുദ്ധിമുട്ടനേരിടുന്നു. അവിടെ ഡോക്ടർ പോലും ഇരുന്നിരുന്ന കാലത്തു ഒരു ടെഞ്ചിംഗ് ഗ്രൗണ്ടിനുവേണ്ടി ആ സ്ഥലം എടുക്കുവാനായി അവിടെ വന്നു നോക്കി പോകുകയുണ്ടായി. എന്നാൽ അതിനുശേഷം ആ വിഷയത്തിൽ യാതൊരു നടപടിയും നടത്തിക്കണ്ടില്ല. അതുകൊണ്ടാണു് ഞാൻ ഈ ചോദ്യം ചോദിക്കുവാനിടയായിട്ടുള്ളതു്. ഇനിയെങ്കിലും ടെഞ്ചിംഗ് ഗ്രൗണ്ടിനു് വേണ്ടി ആ സ്ഥലം ഉടനടി അക്വയർ ചെയ്കയും, അവിടെ സ്കാവഞ്ചിംഗ് സിസ്റ്റം നടപ്പാക്കുകയും ചെയ്യാൻ ഗവൺമെണ്ടിനു് ദയവുണ്ടാകുമോ?

ഡോക്ടർ എ. ആർ. മേനോൻ: കഴിയുന്നതും വേഗത്തിൽ ടെഞ്ചിംഗ് ഗ്രൗണ്ടിനുള്ള സ്ഥലമെടുത്തിട്ടു സ്കാവഞ്ചിംഗ് നടപ്പാക്കുവാൻ നോക്കാം.

മിസ്റ്റർ വി. കെ. കുട്ടി: ഈ ന്യൂയിസൻസു് നിവർത്തിക്കൊടുക്കാമോ?

ഡോക്ടർ എ. ആർ. മേനോൻ: എങ്ങിനെയാണു് മാറുക?

മിസ്റ്റർ എ. ഈച്ചരമേനോൻ: ഒരു വേലി കെട്ടിയാൽ മതി.

PATTANCHERI—FACILITIES FOR COMMUNICATION

217. മിസ്റ്റർ എ. ഈച്ചരമേനോൻ: ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവുചെയ്തു പറയാമോ.—

(എ) പട്ടഞ്ചേരിയിൽ ചെട്ടികൾക്കു് ഒരു മാരിയമ്മൻ കോവിലില്ലേ;

(ബി) അതിലേക്കു ചെട്ടിത്തറയിൽനിന്നു് ഒരു പാടത്തുകൂടെയല്ലെ പോവേണ്ടതു്;

(സി) ആ പാടത്തിന്റെ വടക്കുഭാഗത്തു് ഒരു പുഴവെള്ളച്ചാലില്ലേ;

(ഡി) ആ ചാലിന്റെ രണ്ടരികും കെട്ടി ഒരു മരപ്പാലം ഇട്ടിട്ടുണ്ടായിരുന്നില്ലേ;

(ഇ) ആ പാലം ഇപ്പോൾ ഉപയോഗശൂന്യമായിട്ടല്ലേ കിടക്കുന്നതു്; എങ്ങിനെയിരിക്കുന്നു;

(എഫ്) ആ തോടിനു് ആ പാലത്തിന്റെ അടുക്കെ എത്ര ആഴമുണ്ടു്;

(ജി) ആ തോടു കടക്കാതെ വയസ്സായവർക്കും കുട്ടികൾക്കും ചെട്ടിത്തറയിൽനിന്നു കോവിലിലേക്കും അങ്ങിത്തറയിലേക്കും പോകുവാൻ സൗകര്യമുണ്ടാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly